2. എ.ഐ.സി.റ്റി.ഇ.യ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം പകർപ്പുകൾ സംസ്ഥാന സർക്കാരിനും സങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനും സമർപ്പിക്കണം.

3. സ്ഥാപനങ്ങൾ നടത്തുന്നതിലുള്ള പരിചയം കാണിക്കാൻ ഈ വിഭാഗത്തിൽ അപേക്ഷകർക്ക് നിലവിലുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അപേക്ഷയോടൊപ്പം കാണിക്കണം.

4. സ്ഥാപനം തുടങ്ങുന്നതിനാവശ്യമായ ഭൂമി സംബന്ധിച്ച തെളിവ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

5. ട്രസ്റ്റുകളുടേയും സൊസൈറ്റികളുടേയും കാര്യത്തിൽ സ്ഥാപനം തുടങ്ങാനാവശ്യമായ മുഴുവൻ തുകയുടെ 10 ശതമാനം നിക്ഷേപമായുണ്ടെന്നു തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഇത് എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരമുള്ള സ്ഥിര നിക്ഷേപങ്ങൾ കൂടാതെ ആയിരിക്കണം. 50 ലക്ഷം രൂപയാണ് എഞ്ചിനീയറിംഗ് ഡിഗ്രി സ്ഥാപനങ്ങൾ തുടങ്ങാനാവശ്യമായ സ്ഥിര നിക്ഷേപം

6. ഒന്നാം വർഷ കോഴ്സുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥിരം കെട്ടിടങ്ങളെങ്കിലും എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരം നിർമ്മിച്ചിരിക്കണം.

7. ഒന്നിലധികം സ്ഥാപനങ്ങൾ തുടങ്ങാൻ അപേക്ഷിക്കുന്നവർ ഓരോ സ്ഥാപനത്തിനും ആവശ്യമായ ഭൂമി, ധനം, കെട്ടിടം മുതലായവ പ്രത്യേകം നീക്കി വച്ചിട്ടുള്ളത് തെളിയിക്കേണ്ടതാണ്.

(ബി) എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ ഗ്രാമപ്രദേശങ്ങളിൽ 25 ഏക്കറും ജില്ലാ സംസ്ഥാനങ്ങളിലും കോർപ്പറേഷൻ പരിധിക്കുള്ളിലും 10 ഏക്കറും മെട്രോനഗരങ്ങളിൽ 5 ഏക്കറും ഭൂമി ആവശ്യമാണ്.

(സി) സംസ്ഥാനത്ത് പുതുതായി എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ആവശ്യമാണ്. അതനുസരിച്ച് എ.ഐ.സി.റ്റി.ഇ.യ്ക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഗവൺമെന്റ് പോളിടെക്നിക്കുകൾ

79 (2059) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് പോളിടെക്നിക്കുകളുണ്ട് ; ഇവയിൽ എത്രയെണ്ണത്തിൽ പ്രിൻസിപ്പൽമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു ;

(ബി) ഈ ഒഴിവുകൾ നികത്താതിരുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ പോളിടെക്നിക്ക് അദ്ധ്യാപകരെ സംബന്ധിക്കുന്ന ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ഏറ്റവും ഒടുവിലത്തെ യോഗം ചേർന്നതെന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിന് തൊട്ടുമുമ്പുള്ള യോഗം ചേർന്നതെന്നാണ് ;

(ഇ) ഈ കമ്മിറ്റിയുടെ യോഗം ചേരുവാൻ ഇത്രയധികം കാലതാമസം ഉണ്ടായതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(എഫ്) പോളിടെക്നിക് അദ്ധ്യാപകരെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുവാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി ഇതുവരെയുള്ള പ്രൊമോഷനുകൾക്ക് അംഗീകാരം നൽകുവാനുള്ള കാരണമെന്ത് ;

(ജി) ഡി.പി.സി. കൂടാതിരുന്ന കാലത്ത് എത്ര പ്രൊമോഷൻ നൽകി ;

(എച്ച്) ഇവയിൽ നിയമവിരുദ്ധമായി ഒട്ടനവധി പ്രമോഷൻ നടന്നതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ ;

(ഐ) ഇത്തരം പ്രൊമോഷനുകൾക്ക് ഡി.പി.സി. അംഗീകാരം നൽകിയിട്ടുണ്ടോ ;

(ജെ) ഉണ്ടെങ്കിൽ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുമ്പോൾ അതിലെ വ്യവസ്ഥകൾക്ക് വിധേയമായി ഡി.പി.സി.യുടെ ഏറ്റവും ഒടുവിലത്തെ യോഗത്തിൽ അംഗീകാരം നൽകിയ പ്രൊമോഷനുകൾ പുനഃപരിശോധിക്കുമോ ?

ഉത്തരം

(എ) 47 പോളിടെക്നിക്കുകളുണ്ട്. അതിൽ 5 എണ്ണം സ്വകാര്യമേഖലയിൽ ഗവൺമെന്റ് എയ്ഡഡ് ആണ്. ഇപ്പോൾ കോടതിവിധി പ്രകാരം പാലാ ഗവൺമെന്റ് പോളിടെക്നിക്കിന് ഒഴികെ ബാക്കിയുള്ള എല്ലാ പോളിടെക്നിക്കുകളിലും പ്രിൻസിപ്പൽമാരെ നിയമിച്ചിട്ടുണ്ട്.

(ബി) കോടതിയുടെ സ്റ്റേ ഉത്തരവ് കാരണമാണ് ഒഴിവുകൾ നികത്താതിരുന്നത്.

(സി) 27-1-2000-ൽ

(ഡി) 22-5-1999-ൽ

(ഇ) ഇപ്പോൾ കാലതാമസം ഉണ്ടായിട്ടില്ല.

(എഫ്) ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി എപ്പോഴും നിലവിലുള്ള സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നിയമനങ്ങൾ അംഗീകരിക്കാറുള്ളത്.

(ജി) 1979 മുതൽ 30-9-1998 വരെയുള്ള എല്ലാ പ്രമോഷനുകളും ഡി.പി.സി. കൂടാതെയാണ് നടത്തിയിട്ടുള്ളത്.

(എച്ച്) നിയമവിരുദ്ധമായി പ്രമോഷനുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഐ) ബാധകമല്ല.

(ജെ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിലെ ഹോസ്റ്റൽ സൗകര്യം

80 (2060) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വെസ്റ്റ് ഹിൽ പോളിടെക്നിക്കൽ ആരംഭിച്ച എഞ്ചിനീയറിംഗ് കോളേജിൽ ഇപ്പോൾ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണോ ;

(ബി) അല്ലെങ്കിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഈ കോമ്പൗണ്ടിനകത്തു തന്നെ ഹോസ്റ്റൽ നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എഞ്ചിനീയറിംഗ് കോളേജിന് സ്വന്തമായി ഹോസ്റ്റൽ സൗകര്യം ലഭ്യമല്ല.

(ബി) കോളേജിന്റെ സമീപപ്രദേശത്തുള്ള ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾക്ക് താമസസൗകര്യം കോളേജധികൃതർ ചെയ്തുകൊടുത്തിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

വനിതാ പോളിടെക്നിക്കിലെ പ്രിൻസിപ്പൾ നിയമനം

81 (2061) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ പോളിടെക്നിക്കുകളിലെ പ്രിൻസിപ്പൾ നിയമനം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) ഈ വ്യവസ്ഥകളെ ലംഘിച്ചുകൊണ്ട് ആർക്കെങ്കിലും വനിതാ പോളിടെക്നിക്ക് പ്രിൻസിപ്പലായി നിയമനം നൽകിയിട്ടുണ്ടോ ;

(സി) വനിതാ പോളിടെക്നിക്ക് പ്രിൻസിപ്പൾമാരായി നിയമിക്കപ്പെട്ടിട്ടുള്ളവരിൽ എത്രപേരെ സീനിയോറിറ്റി മറി കടന്നുകൊണ്ട് നിയമിച്ചതായി പരാതി ഉണ്ടായിട്ടുണ്ട് ; ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കുമോ ?

ഉത്തരം

(എ) വനിതാ പോളിടെക്നിക്കുകളിലെ പ്രിൻസിപ്പൾ നിയമനത്തിന്റെ നിലവിലുള്ള വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

i വനിതാ പോളിടെക്നിക്കുകളിൽ പഠിപ്പിക്കുന്ന എഞ്ചിനീയറിംഗ് വിഷയങ്ങളിൽ ഏതിലെങ്കിലും ഉള്ള ഡിഗ്രി അല്ലെങ്കിൽ

ii വനിതാ പോളിടെക്നിക്കിൽ പഠിപ്പിക്കുന്ന ഏതെങ്കിലും എഞ്ചിനീയറിംഗ് വിഷയത്തിലുള്ള ഡിപ്ലോമ 60 ശതമാനം മാർക്കോടു കൂടി അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly